Australian Government

COVID-19 VACCINATION

# നിങ്ങളുടെ COVID-19 വാക്സിൻ AstraZeneca COVID-19 വാക്സിനേഷൻ എടുത്തതിന് ശേഷം

അവസാനമായി അപ്ഡേറ്റ് ചെയ്തത്: 2021 ജൂലൈ 30

## വാക്സിനേഷനെ കുറിച്ചുള്ള വിവരങ്ങൾ

ഇന്ന് നിങ്ങൾക്ക് **COVID-19 വാക്സിൻ ആസ്ട്രസെനേക്ക** ലഭിച്ചു.

COVID-19 മൂലം ആളുകൾ രോഗികളാകുന്നത് തടയാൻ ഈ വാക്സിൻ സഹായിക്കും. COVID-19 വാക്സിൻ ആസ്ട്രസെനേക്കയിൽ സജീവ SARS-CoV-2 വൈറസ് (COVID-19-ന് ഇടയാക്കുന്ന വൈറസ്) ഒന്നും അടങ്ങിയിട്ടില്ല, അതിന് നിങ്ങൾക്ക് COVID-19 രോഗം നൽകാൻ കഴിയുന്നതല്ല. സ്പൈക്ക് പ്രോട്ടീൻ എന്നറിയപ്പെടുന്ന SARS-CoV-2 വൈറസിന്റെ ഒരു പ്രധാന ഭാഗത്തിന്റെ ജനിതക കോഡ് ഇതിൽ അടങ്ങിയിരിക്കുന്നു, അത് നിങ്ങളുടെ കോശങ്ങളിലേക്ക് അപകടകരമല്ലാത്ത സാധാരണ ജലദോഷപ്പനിയ്ക്ക് ഇടയാക്കുന്ന 'കാരിയർ' വൈറസ് (ഒരു അഡിനോവൈറസ്) ഉപയോഗിച്ച് കൊണ്ടുപോകുന്നു. തുടർന്ന് നിങ്ങളുടെ ശരീരം സ്പൈക്ക് പ്രോട്ടീൻ നിർമ്മിക്കുകയും അത് ഉപയോഗിച്ച് SARS-CoV-2 വൈറസിനെ തിരിച്ചറിയാനും പോരാടാനും പഠിക്കാൻ ഉപയോഗിക്കുകയും ചെയ്യുന്നു. കോശങ്ങൾക്കുള്ളിൽ എത്തി കഴിഞ്ഞാൽ അവയ്ക്ക് സ്വയം പകർപ്പ് ഉണ്ടാക്കാൻ കഴിയാത്തവിധം അഡെനോവൈറസ് പരിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനർത്ഥം ഇതിന് മറ്റ് കോശങ്ങളിലേക്ക് വ്യാപിക്കാനും അണുബാധയുണ്ടാക്കാനും കഴിയില്ല എന്നാണ്.

## വാക്സിനേഷന് ശേഷം എന്താണ് പ്രതീക്ഷിക്കേണ്ടത്

മറ്റ് ഏതൊരു വാക്സിനിലും എന്ന പോലെ, ഒരു COVID-19 വാക്സിൻ സ്വീകരിച്ചതിന് ശേഷം നിങ്ങൾക്ക് ചില പാർശ്വഫലങ്ങൾ ഉണ്ടായേക്കാം.

**COVID-19 വാക്സിൻ ആസ്ട്രസെനേക്ക** എടുത്ത ശേഷമുള്ള **സാധാരണ** പാർശ്വഫലങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് വേദന, നീർവീക്കം, മൃദുലത, ചുവപ്പ് അല്ലെങ്കിൽ ചൊറിച്ചിൽ
- ക്ഷീണം
- തലവേദന
- പേശീ വേദന
- മനംപിരട്ടൽ
- പനിയും കിടുങ്ങലും
- സുഖമില്ലായ്മ അനുഭവപ്പെടൽ
- സന്ധി വേദന.

**COVID-19 വാക്സിൻ ആസ്ട്രസെനേക്ക** എടുത്ത ശേഷം **അത്ര സാധാരണമല്ലാത്ത** പാർശ്വഫലങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- വീങ്ങിയ ലിംഫ് നോഡുകൾ
- കൈകാലുകളിൽ വേദന
- തലകറക്കം
- വിശപ്പ് കുറവ്
- വയറ് വേദന.

ഈ പാർശ്വഫലങ്ങൾ സാധാരണയായി ലഘുവാണ്. വാക്സിനേഷൻ ലഭിച്ച മൂന്നിൽ രണ്ട് ആളുകളിലും ഇവ സംഭവിക്കുന്നു, വാക്സിനേഷൻ കഴിഞ്ഞ് ഒരു ദിവസത്തിനുള്ളിൽ ആരംഭിച്ച് ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ അപ്രത്യക്ഷമാകും.

മറ്റ് വാക്സിനുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വാക്സിൻ സ്വീകരിക്കുന്ന ചില ആളുകൾക്ക് കൂടുതൽ പ്രകടമായ രീതിയിൽ ഫ്ലൂ പോലുള്ള ലക്ഷണങ്ങൾ ഉണ്ടാകും, മാത്രമല്ല സാധാരണ പ്രവർത്തനങ്ങളിൽ നിന്ന് കൂടുതൽ സമയം വിശ്രമം ആവശ്യമായും വന്നേക്കാം. രണ്ടാമത്തെ ഡോസുമായി താരതമ്യപ്പെടുത്തുമ്പോൾ ആദ്യ ഡോസിന് ശേഷം ഈ ലക്ഷണങ്ങൾ കൂടുതലായി കാണപ്പെടുന്നു.

കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് വേദന, കുത്തിവയ്പ്പ് എടുത്ത ശേഷമുള്ള ആദ്യത്തെ 1-2 ദിവസങ്ങളിൽ നിങ്ങൾക്ക് പനിയോ, തലവേദനയോ, ശരീരവേദനയോ ഉണ്ടെങ്കിൽ, നിങ്ങൾക്ക് പാരസെറ്റമോൾ എടുക്കാം. മേൽപ്പറഞ്ഞ ചില ലക്ഷണങ്ങൾ കുറയ്ക്കാൻ ഇത് സഹായിക്കും. വാക്സിനേഷന് മുമ്പ് നിങ്ങൾ പാരസെറ്റമോൾ അല്ലെങ്കിൽ ഇബുപ്രൂഫെൻ എടുക്കേണ്ടതില്ല. കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് വീക്കം ഉണ്ടെങ്കിൽ, നിങ്ങൾക്ക് ഒരു കോൾഡ് പ്രസ്സ് ഉപയോഗിക്കാം.

**COVID-19 വാക്സിൻ AstraZeneca** കുത്തിവയ്പ്പ് എടുത്ത ശേഷം **അപൂർവമായി** റിപ്പോർട്ട് ചെയ്തിട്ടുള്ള പാർശ്വഫലങ്ങൾ ഇവയാണ്:

- രൂക്ഷമായ അലർജിക്ക് റിയാക്ഷൻ (അനാഫൈലാക്സിസ്):
  - COVID-19 വാക്സിൻ AstraZeneca എടുത്തതിന് ശേഷം അനാഫൈലാക്സിസ് വളരെ അപൂർവമാണ്. ഓസ്ട്രേലിയയിലെ നിരക്ക് മറ്റ് ഏതൊരു വാക്സിനും സമാനമാണ്.
- രക്തം കട്ടപിടിക്കലും (ത്രോമ്പോസിസ്) കുറഞ്ഞ പ്ലേറ്റ്ലെറ്റ് നിലകളും (ത്രോമ്പോസൈറ്റോപീനിയ) ഉൾപ്പെടുന്ന ത്രോമ്പോസൈറ്റോപീനിയ സിൻഡ്രത്തോട് കൂടിയ ത്രോമ്പോസിസ് (TTS) എന്ന് വിളിക്കുന്ന ഒരു അവസ്ഥ:
  - ഓസ്ട്രേലിയയിൽ നിന്നും വിദേശങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് TTS വളരെ അപൂർവമായ ഒരു അവസ്ഥയാണ്
  - തലച്ചോറും (സെറിബ്രൽ വീനസ് സൈനസ് ത്രോംബോസിസ് എന്ന് ഇത് അറിയപ്പെടുന്നു) അല്ലെങ്കിൽ അടിവയറും (ഇഡിയോപതിക്ക് സ്പ്ലാഞ്ച്നിക് വെയിൻ ത്രോമ്പോസിസ്) എന്ന് ഇത് അറിയപ്പെടുന്നു) ഉൾപ്പെടെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ രക്തം കട്ടപിടിക്കും. രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ താഴ്ന്ന നില രക്തസ്രാവത്തിന് കാരണമാകും.
  - വാക്സിനേഷൻ കഴിഞ്ഞ് 4 മുതൽ 42 ദിവസങ്ങൾക്കിടയിൽ ഈ അവസ്ഥയുടെ ലക്ഷണങ്ങൾ സംഭവിക്കും.
  - ഈ അവസ്ഥയിലുള്ള ആളുകൾ വളരെ സുഖമില്ലാതാവുകയും അവർക്ക് ആശുപത്രിയിൽ പോകേണ്ടി വരികയും ചെയ്യും. ഈ അവസ്ഥ ദീർഘകാല വൈകല്യത്തിനും മരണത്തിനും ഇടയാക്കും.
  - TTS സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ AstraZeneca COVID-19 വാക്സിനും TTS-ഉം സംബന്ധിച്ചുള്ള രോഗീ വിവര ഷീറ്റിൽ കണ്ടെത്താൻ കഴിയുന്നതാണ്.

**വാക്സിനേഷന് ശേഷം നിങ്ങൾക്ക് ഇവ അനുഭവപ്പെടുകയാണെങ്കിൽ വൈദ്യ സഹായം തേടുക:**

- നിങ്ങൾക്ക് ഒരു അലർജിക്ക് റിയാക്ഷൻ ഉള്ളതായി നിങ്ങൾക്ക് തോന്നുകയാണെങ്കിൽ. ശ്വസിക്കാൻ ബുദ്ധിമുട്ട്, വലിവ്, വേഗത്തിലുള്ള ഹൃദയമിടിപ്പ് അല്ലെങ്കിൽ തളർന്ന് വീഴുക എന്നിവ പോലുള്ള രൂക്ഷമായ രോഗലക്ഷണങ്ങൾ നിങ്ങൾക്ക് അനുഭവപ്പെടുകയാണെങ്കിൽ 000 എന്ന നമ്പറിൽ വിളിക്കുക.
- കുറച്ച് ദിവസങ്ങൾക്ക് ശേഷവും അപ്രത്യക്ഷമാകാത്ത വാക്സിന്റെ പ്രതീക്ഷിച്ചിരുന്ന ഒരു പാർശ്വഫലം നിങ്ങൾക്കുണ്ട്.
- നിങ്ങൾക്ക് ഇനിപ്പറയുന്നവയിൽ ഏതെങ്കിലും ലക്ഷണങ്ങൾ ഉണ്ടാകും, പ്രത്യേകിച്ച് വാക്സിനേഷൻ കഴിഞ്ഞ് 4 മുതൽ 42 ദിവസം വരെ:
  - വാക്സിനേഷൻ സ്വീകരിച്ച ശേഷം 48 മണിക്കൂറിനപ്പുറം നിലനിൽക്കുന്നതോ അല്ലെങ്കിൽ വാക്സിനേഷൻ സ്വീകരിച്ച് 48 മണിക്കൂറിന് ശേഷം ദൃശ്യമാകുന്നതോ ആയ തലവേദന. ലളിതമായ വേദനസംഹാരികൾ തുടക്കത്തിൽ തലവേദന കുറയ്ക്കും, പക്ഷേ വേദന തുടരുന്നു
  - കാഴ്ച മങ്ങൽ
  - മുഖത്തിന്റെയോ കൈകാലുകളുടെയോ ബലക്ഷയം
  - ആശയക്കുഴപ്പം അല്ലെങ്കിൽ ജ്വരം.
  - ശ്വാസമെടുക്കാൻ ബുദ്ധിമുട്ട്
  - നെഞ്ച് വേദന
  - തുടർച്ചയായ വയർ വേദന
  - കാലിൽ നീര്
  - ഇഞ്ചക്ഷൻ സ്ഥലത്ത് അല്ലാതെ വിശദീകരിക്കാൻ കഴിയാത്ത സൂചി കുത്തിയ മാതിരിയുള്ള ചുവന്ന് തടിക്കൽ അല്ലെങ്കിൽ ചതവ്.

നിങ്ങൾക്ക് അടുത്തിടെ വാക്സിൻ ലഭിച്ചുവെന്ന് ഡോക്ടറോട് പറയാൻ മറക്കരുത്. അടിയന്തിരമല്ലാത്ത ലക്ഷണങ്ങൾക്ക്, നിങ്ങളുടെ പതിവ് ആരോഗ്യ സംരക്ഷണ ദാതാവിനെ (സാധാരണയായി നിങ്ങളുടെ GP/ഫിസിഷ്യൻ) കാണാവുന്നതാണ്.

## വാക്സിൻ സുരക്ഷാ നിരീക്ഷണവും പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യലും

സംശയിക്കപ്പെടുന്ന പാർശ്വഫലങ്ങൾ നിങ്ങളുടെ വാക്സിനേഷൻ ദാതാവിനോ മറ്റ് ആരോഗ്യ പരിപാലന വിദഗ്ദ്ധർക്കോ റിപ്പോർട്ട് ചെയ്യാൻ നിങ്ങൾക്ക് കഴിയും. അവർ നിങ്ങളുടെ താൽപ്പര്യാർത്ഥം നിങ്ങളുടെ സംസ്ഥാനത്തിനോ പ്രവിശ്യാ ആരോഗ്യ വകുപ്പിനോ അല്ലെങ്കിൽ നേരിട്ട് തെറാപ്പ്യൂട്ടിക്ക് ഗുഡ്സ് അഡ്മിനിസ്ട്രേഷനോ (TGA) ഒരു ഔദ്യോഗിക റിപ്പോർട്ട് നൽകും.

നിങ്ങൾക്ക് സ്വയം റിപ്പോർട്ട് ചെയ്യണമെന്ന് ഉണ്ടെങ്കിൽ, TGA വെബ്സൈറ്റ് സന്ദർശിച്ച് ഇനിപ്പറയുന്ന പേജിലെ നിർദ്ദേശങ്ങൾ പാലിക്കുക: https://www.tga.gov.au/reporting-suspected-side-effects-associated-covid-19-vaccine.

## COVID-19 പരിശോധനയും വാക്സിനേഷനും

COVID-19 വാക്സിൻ എടുത്തത് മൂലമുള്ള ചില പാർശ്വഫലങ്ങൾ COVID-19-ന്റെ (ഉദാ. പനി) ലക്ഷണങ്ങൾക്ക് സമാനമായിരിക്കും. എന്നിരുന്നാലും, COVID-19 വാക്സിൻ ആസ്ട്രസെനേക്കയിൽ സജീവ SARS-CoV-2 വൈറസ് ഒന്നും അടങ്ങിയിട്ടില്ല, അതിനാൽ അത് നിങ്ങൾക്ക് COVID-19 രോഗം പിടിപെടാൻ ഇടയാക്കുന്നതല്ല. ഇനിപ്പറയുന്നവ ഉണ്ടാവുകയാണെങ്കിൽ നിങ്ങൾ ഒരു COVID-19 പരിശോധനയ്ക്ക് വിധേയമാവുകയോ ഐസൊലേറ്റ് ചെയ്യുകയോ ചെയ്യേണ്ടതില്ല:

- വാക്സിനേഷൻ കഴിഞ്ഞ് ആദ്യ രണ്ട് ദിവസങ്ങളിൽ പനി, തലവേദന അല്ലെങ്കിൽ ക്ഷീണം തുടങ്ങിയ പൊതുവായ ലക്ഷണങ്ങൾ നിങ്ങളിൽ പ്രകടമാവുകയാണെങ്കിൽ, മാത്രമല്ല
- നിങ്ങൾക്ക് ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങളൊന്നും ഇല്ലെന്ന് ഉറപ്പാണെങ്കിൽ (ഉദാ. മൂക്ക്, ചുമ, തൊണ്ടവേദന, മണം നഷ്ടപ്പെടുക അല്ലെങ്കിൽ രുചി നഷ്ടപ്പെടുക).

എന്നിരുന്നാലും, ഏറ്റവും പുതിയ വിവരങ്ങൾക്കായി നിങ്ങളുടെ സംസ്ഥാനത്തെ/പ്രവിശ്യയിലെ നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ നിങ്ങൾ പരിശോധിക്കണം. നിങ്ങളുടെ പ്രാദേശികമായ മേഖലയിൽ ഒരു COVID-19 വ്യാപനം ഉണ്ടായാൽ ഈ ഉപദേശം മാറിയേക്കാം. നിങ്ങൾ മറ്റ് മാനദണ്ഡങ്ങൾ പാലിക്കുകയാണെങ്കിൽ നിങ്ങൾ തുടർന്നും ഒരു COVID-19 പരിശോധനയ്ക്ക് വിധേയമാകേണ്ടതുണ്ട്, ഉദാഹരണത്തിന്, നിങ്ങൾക്ക് ഒരു തിരിച്ചറിയപ്പെട്ട COVID-19 രോഗിയുമായി അടുത്ത സമ്പർക്കം ഉണ്ടായിട്ടുണ്ട്. സംശയമുണ്ടെങ്കിൽ, വൈദ്യ പരിശോധനയ്ക്ക് വിധേയമാവുക.

## നിങ്ങളുടെ രണ്ടാമത്തെ അപ്പോയിന്റ്മെന്റ് ഓർത്തിരിക്കുക

നിങ്ങൾക്ക് COVID-19 വാക്സിൻ ആസ്ട്രസെനേക്ക ഏകദേശം 12 ആഴ്ച ഇടവേളയിൽ ലഭിക്കേണ്ടത് പ്രധാനമാണ്. ഡോസുകൾക്കിടയിലുള്ള ഇടവേള 12 ആഴ്ചയിൽ നിന്ന് 4 ആഴ്ചയിൽ കുറയാത്ത ഇടവേളയായി കുറയ്ക്കുന്നത് ചില സാഹചര്യങ്ങളിൽ അനുയോജ്യമായിരിക്കും. രണ്ടാമത്തെ ഡോസ് നിങ്ങൾക്ക് COVID-19-ന് എതിരെ മികച്ച പരിരക്ഷ നൽകും.

## നിങ്ങളുടെ അപ്പോയിന്റ്മെന്റിൽ നിങ്ങൾ നൽകുന്ന വിവരങ്ങൾ എങ്ങനെയാണ് ഉപയോഗിക്കപ്പെടുന്നത്

നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുകയും, സംഭരിക്കുകയും, ഉപയോഗിക്കുകയും ചെയ്യുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾക്ക്, https://www.health.gov.au/using-our-websites/privacy/privacy-notice-for-covid-19-vaccinations സന്ദർശിക്കുക